**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 318** 10.05.2017 ൽ മറുപടിയ്ക്ക്

# ഇടുക്കിയിൽ പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് അനുമതി നിഷേധിച്ചതിന്റെ അടിസ്ഥാനം

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ

ശ്രീ.ഇ.പി.ജയരാജൻ

ശ്രീ.കെ.സുരേഷ് കുറുപ്പ്

ശ്രീ.സി. കെ. ശശീന്ദ്രൻ

**മറുപടി**

ശ്രീ.പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | ഇടുക്കിയിൽ പട്ടയ ഭൂമിയിൽ കർഷകർ നട്ട വളർത്തിയ മരങ്ങൾ മുറിക്കുന്നതിന് അനുമതി ലഭിക്കാത്ത കാര്യം മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ)ഉണ്ട്. |
| (ബി) | ഏതെല്ലാം തരം മരം മുറിക്കുന്നതിനാണ് മുൻകാലങ്ങളിൽ അനുമതി നൽകിയിട്ടുള്ളതെന്നും ഇപ്പോൾ അനുമതി നിഷേധിച്ചതിന്റെ അടിസ്ഥാനമെന്തെന്നും അറിയിക്കാമോ; | (ബി) പുതുതായി അനുമതി നിഷേധിയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. മരം മുറിയ്ക്കുന്നതിനുള്ള നിബന്ധനകൾ ജനദ്രോഹപരമല്ലാതെയും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത വിധത്തിലും ക്രമീകരിയ്ക്കുന്നതിന് 2005 ലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിയ്ക്കൽ പ്രോത്സാഹന നിയമത്തിൽ പ്രായോഗിക മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിശോധിയ്ക്കാൻ റവന്യൂ-വനം വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ പ്രസ്തുത യോഗം കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അത് നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ? | (സി) പതിച്ചു കിട്ടിയ ഭൂമിയിൽ നിലനിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനെ സംബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള തടസ്സങ്ങൾ ജനദ്രോഹപരമല്ലാതെയും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിലും പുന:പരിശോധിക്കുവാൻ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.<br>ഏലം കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികൾ ചെയ്തിട്ടുള്ള ഭൂമിക്ക് മാത്രമേ സി.എച്ച്.ആറിൽ പട്ടയം നല്കിയിട്ടുള്ളൂ എന്ന പശ്ചാത്തലത്തിൽ Kerala Land Assignment (Regularisation of occupation of Forest Land prior to 1/1/1977) Special Rules 1993 യുടെ ബന്ധപ്പെട്ട വകുപ്പിൽ ഭേദഗതി വരുത്തുന്നകാര്യം പരിശോധിക്കുവാൻ യോഗത്തിൽ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ